## പതിനാലാം കേരള നിയമസഭ

### പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2068 — 11.03.2020-ലെ മറുപടിക്ക്

## ട്രഷറി ക്യൂവിൽ നിർത്തിയിട്ടുള്ള ബില്ലുകൾ

**ചോദ്യം**

ശ്രീ. കെ.സി.ജോസഫ്

**മറുപടി**

ഡോ. ടി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് ട്രഷറിയിൽ നിന്നും പെയ്മെന്റിന് ഇപ്പോൾ ഏതെല്ലാം വിഭാഗത്തിലാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ നടപ്പിലാക്കി വരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിനു പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങൾ ഒന്നും നടപ്പ് സാമ്പത്തിക വർഷം ഏർപ്പെടുത്തിയിട്ടില്ല. വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടു പോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. |
| (ബി) | 2020 ഫെബ്രുവരി 29 വരെ ത്രിതല പഞ്ചായത്തുകളിലും നഗരസഭകളിലും പദ്ധതി ചെലവിനായി സമർപ്പിച്ച ബില്ലുകളിൽ എത്ര കോടി രൂപയുടെ ബില്ലുകളാണ് പെയ്മെന്റ് നൽകാതെ ക്യൂവിൽ നിർത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ത്രിതല പഞ്ചായത്തുകളും നഗരസഭകളും സമർപ്പിച്ച ബില്ലുകളിൽ 29/02/2020 വരെ 788.41 കോടി രൂപയുടെ ബില്ലുകൾ ട്രഷറികളിൽ ഉണ്ട്.<br><br>കരാറുകാർ / അക്രഡിറ്റഡ് ഏജൻസികൾ / സപ്ലൈർമാർ എന്നിവരുടെ പെയ്മെന്റിനായുള്ള 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾ ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനായി ഡി.ഡി.ഒ.-മാർക്ക് തിരികെ നൽകി വരുന്നു. 29/02/2020 വരെ ഇപ്രകാരം 320.44 കോടി രൂപയുടെ ബില്ലുകൾ ഡി.ഡി.ഒ.-മാർക്ക് തിരികെ നൽകിയിട്ടുണ്ട്. 29/02/2020 വരെ 54.54 കോടി രൂപയുടെ ബില്ലുകൾ ഡി.ഡി.ഒ.-മാർ കൈപ്പറ്റാതെ ട്രഷറികളിൽ ഉണ്ട്. |

| | | |
|---|---|---|
| (സി) | ഈ തുക അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ? | 15/01/2020 വരെ ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ള 5 ലക്ഷം രൂപവരെയുള്ള എല്ലാ ബില്ലുകളും ചെക്കുകളും പാസാക്കി നൽകുന്നതിന് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ട്രഷറി അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫറിനായി സമർപ്പിച്ച ബില്ലുകളും മാറി നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**